**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2436** **12-12-2022 - ൽ മറുപടിയ്ക്ക്**

**മണ്ണെണ്ണ, ഗോതമ്പ് വിതരണ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണ, ഗോതമ്പ് എന്നിവയുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. റേഷൻ മണ്ണെണ്ണയുടെ വിഹിതത്തിൽ വരുത്തുന്ന കുറവ് മൂലം 2021 - 2022 സാമ്പത്തിക വർഷം ആദ്യം മുതൽ മണ്ണെണ്ണ വിതരണം ത്രൈമാസമായി ഏകീകരിച്ചാണ് വിതരണം ക്രമീകരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഒരു പാദത്തിൽ 6480 കിലോലിറ്റർ മണ്ണെണ്ണയാണ് ലഭ്യമായത്. ടി മണ്ണെണ്ണ മൂന്ന് മാസത്തിൽ ഒരിക്കൽ മുഴുവൻ എ.എ.വൈ, പി.എച്ച്.എച്ച് കാർഡുകൾക്ക് 1ലിറ്റർ മണ്ണെണ്ണയും എൻ.പി.എസ്, എൻ.പി.എൻ.എസ് കാർഡു കൾക്ക് മൂന്ന് മാസത്തിൽ ഒരിക്കൽ 1/2 ലിറ്റർ മണ്ണെണ്ണയും നോൺ ഇലക്ട്രിഫൈഡ് കാർഡുകൾക്ക് 8 ലിറ്റർ മണ്ണെണ്ണയുമാണ് നൽകിയിരുന്നത്. 2022-2023 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതം 6480 കിലോലിറ്റർ മണ്ണെണ്ണയിൽ നിന്നും 3888 കിലോലിറ്റർ ആയി വീണ്ടും കുറച്ച സാഹചര്യത്തിൽ മുഴുവൻ ഇലക്ട്രിഫൈഡ് കാർഡുകൾക്കും മൂന്ന് മാസത്തിൽ ഒരിക്കൽ 1/2 ലിറ്റർ മണ്ണെണ്ണയും നോൺ ഇലക്ട്രിഫൈഡ് കാർഡുകൾക്ക് 6 ലിറ്റർ മണ്ണെണ്ണയുമാണ് നിലവിൽ നൽകി വരുന്നത്. സംസ്ഥാനത്തെ മുഴുവൻ ഇലക്ട്രിഫൈഡ് കാർഡുകൾക്കും ഒരു മാസത്തിൽ 1 ലിറ്റർ മണ്ണെണ്ണയും, മുഴുവൻ നോൺ ഇലക്ട്രിഫൈഡ് കാർഡുകൾക്കും ഒരു മാസത്തിൽ 4ലിറ്റർ മണ്ണെണ്ണയും അനുവദിക്കുന്നതിനായി ഒരു പാദത്തിൽ 27828 കിലോലിറ്റർ മണ്ണെണ്ണ പ്രകാരം ഒരു വർഷത്തിൽ 111312 കിലോലിറ്റർ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അനുകൂല തീരുമാനം ഉണ്ടായിട്ടില്ല.<br><br>പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം അനുവദിച്ചു വന്നിരുന്ന 15729.60938 |

| | | | |
|---|---|---|---|
| | | | മെ.ടൺ ഗോതമ്പും ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ടൈഡ് ഓവർ വിഹിതമായി അനുവദിച്ചു വന്നിരുന്ന 6459.074 മെ.ടൺ ഗോതമ്പും കുറവു വരുത്തി പകരം അരിയാണ് ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്നത്. പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി നിലവിൽ 2022 ഡിസംബർ വരെ എന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ ടൈഡ് ഓവർ വിഹിതത്തിലെ ഗോതമ്പ് കുറവു ചെയ്ത നടപടി 2023 മാർച്ച് വരെ എന്നുമാണ് നിലവിൽ കേന്ദ്ര സർക്കാരിൽ നിന്ന് അറിയിച്ചിട്ടുള്ളത്. ടൈഡ് ഓവർ വിഹിതത്തിലെ ഗോതമ്പ് പുന:സ്ഥാപിച്ചു ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിലേക്ക് അഭ്യർത്ഥിച്ചിരുന്നെങ്കിലും നിലവിലെ സാഹചര്യത്തിൽ സാധിക്കില്ലെന്നാണ് കേന്ദ്ര സർക്കാരിൽ നിന്ന് അറിയിച്ചിട്ടുള്ളത്. |
| (ബി) | ഗോതമ്പും മറ്റ് ഭക്ഷ്യ സാധനങ്ങളും സംസ്ഥാനത്തെ എല്ലാ വിഭാഗം കാർഡ് ഉടമകൾക്കും റേഷൻ കടകൾ മുഖേന വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | നിലവിൽ എല്ലാ വിഭാഗം കാർഡുടമകൾക്കും അരി വിതരണം നടത്തുന്നുണ്ട്. കൂടാതെ എ.എ.വൈ, പ്രയോറിറ്റി വിഭാഗങ്ങൾക്ക് നിലവിൽ ഗോതമ്പും ആട്ടയും വിതരണം നടത്തി വരുന്നുണ്ട്. റാഗിയും വെള്ളക്കടലയും പരീക്ഷണാടിസ്ഥാനത്തിൽ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ